# തിരുവല്ല നഗരസഭാ കാര്യാലയം

നം.R1-3945/11 തീയതി: 24.01.2012

## വിജ്ഞാപനം

**(കേരള മുനിസിപ്പാലിറ്റീസ് ആക്ട് 1994 സെക്ഷൻ 233(10) പ്രകാരവും കേരള സർക്കാരിന്റെ 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം)**

കേരള സർക്കാരിന്റെ ജനുവരി 14–ാം തീയതിയിലെ ഉത്തരവനുസരിച്ച് (സ.ഉ.(അ)നമ്പർ 17/2011തസ്വഭവ) മുനിസിപ്പൽ കൗൺസിലുകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപയോഗമനുസരിച്ച് ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുത്തിയും, ബഹു: സർക്കാരിന്റെ 14.01.2011-ലെ 18/2011 ഉത്തരവ് പ്രകാരം വസ്തുനികുതിയിന്മേൽ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതിയും സർചാർജും ഈടാക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവല്ല നഗരസഭാ കൗൺസിൽ, 19.01.2012–ലെ 1/2 ഉം 3 ഉം നമ്പരായി യഥാക്രമം നികുതി നിരക്കും, പ്രാഥമിക, ദ്വിതീയ സോൺ തിരിച്ചും , റോഡുകൾ തരംതിരിച്ചും അന്തിമമായി തീരുമാനിച്ചിട്ടുണ്ട്. താഴെപ്പറയുന്ന വിവിധ ഇനം കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് 2011 ഏപ്രിൽ 1 മുതൽ 5 വർഷത്തേക്ക് പ്രാബല്യത്തിൽ വരത്തക്കവണ്ണം നിശ്ചയിച്ചും, പ്രസ്തുത നികുതിയുടെ 9% സേവന ഉപനികുതിയായി നിശ്ചയിച്ചും അന്തിമമായി വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

**(എ)**

| ക്രമ നം | വിവരണം | | 19.01.12ലെ കൗൺസിലിന്റെ 1–ാം നമ്പർ തീരുമാന പ്രകാരം നിശ്ചയിച്ച നിരക്ക് |
|---|---|---|---|
| 1 | പാർപ്പിട ആവശ്യത്തിനുള്ളവ | ചതു: മീറ്റർ | 10.00 |
| 2 | വാണിജ്യ ആവശ്യത്തിനുള്ളവ | | |
| | (i) 100ചതു: മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ etc. | ” | 60.00 |
| | (ii) 100ചതു: മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ മുതലായവ | ” | 80.00 |
| | (iii) 200ചതു: മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാൾ | ” | 60.00 |

| | | | |
|---|---|---|---|
| | (iv) 200ചതു: മീറ്റർ മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാൾ | ” | 120.00 |
| | (v) ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ | ” | 50.00 |
| 3 | ആഫീസ് ഉപയോഗത്തിനുള്ള കെട്ടിടങ്ങൾ | ” | 60.00 |
| 4 | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | ” | 15.00 |
| 5 | ആശുപത്രികൾ | ” | 15.00 |
| 6 | അസംബ്ലി കെട്ടിടം, കൺവൻഷൻ സെന്റർ, ഓഡിറ്റോറിയം, സിനിമാ തീയേറ്റർ, കല്യാണ മണ്ഡപം, ലോഡ്ജ് | ” | 40.00 |
| 7 | വ്യവസായത്തിനുള്ളവ | | |
| | (i) കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ് etc | ” | 20.00 |
| | (ii) ഇതര വ്യവസായത്തിനുള്ളവ | ” | 60.00 |
| 8 | റിസോർട്ടുകൾ | ” | 90.00 |
| 9 | അമ്യൂസ്മെന്റ് പാർക്ക് | ” | 50.00 |
| 10 | മൊബൈൽ ടെലഫോൺ ടവർ | ” | 500.00 |

**(ബി)**

<u>സേവന ഉപനികുതി നിരക്കുകൾ (9%)</u>

1) ശുചിത്വ പരിപാലനം 4%
2) ജലവിതരണം 3%
3) തെരുവുവിളക്കുകൾ 2%

(സി) തിരുവല്ല നഗരസഭയുടെ 19.01.2012ലെ 1–ാം നമ്പർ തീരുമാന പ്രകാരം നഗരസഭാ പ്രദേശത്തെ 2–ാം വാർഡിൽ മുസ്ലീം കോളനി, ലക്ഷംവീട് കോളനി, 3–ാം വാർഡിൽ മാടമുക്ക്, ആറ്റുചിറ, കോട്ടാലിൽ, 9–ാം വാർഡിൽ ഞക്കുവള്ളി, പുതുപ്പറമ്പിൽ, 10–ാം വാർഡിൽ കാക്കതുരുത്ത് കോളനി, 17–ാം വാർഡിൽ പാറെ കോളനി, അടമ്പട കോളനി എന്നീ പ്രദേശങ്ങൾ ദ്വിതീയ മേഖലയായി പരിഗണിക്കുവാനും ബാക്കി ഭാഗങ്ങൾ പ്രാഥമിക മേഖലയായി നിശ്ചയിച്ച് തിരുമാനിച്ചിട്ടുണ്ട്.

(ഒപ്പ്)
**മുനിസിപ്പൽ സെക്രട്ടറി**